**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശസ്വയംഭരണ വകുപ്പ് - ജീവനക്കാര്യം - സംസ്ഥാനത്തെ വിവിധ ഗ്രാമപഞ്ചായത്തുകളിലും നഗരസഭകളിലും പതിനൊന്നിന പരിപാടി പ്രകാരം ഓണറേറിയം വ്യവസ്ഥയിൽ നിയമിക്കുകയും പിന്നീട് പാർട്ട്ടൈം കണ്ടിജന്റ് ജീവനക്കാരായി സ്ഥിരപ്പെടുത്തപ്പെട്ടവരുമായ ലൈബ്രേറിയന്മാർ, ആയമാർ, നഴ്സറി ടീച്ചർമാർ എന്നിവർക്ക് പ്രൊമോഷനും മിനിമം പെൻഷനും അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ഇപിഎ) വകുപ്പ്**

**സ.ഉ (എം.എസ്) നം.28/2018/തസ്വഭവ തീയതി, തിരുവനന്തപുരം, 24/02/2018**

---

പരാമർശം : 1. സഉ(എം.എസ്)നം. 170/10/തസ്വഭവ തീയതി. 06/08/2010.
2. സഉ(എം.എസ്)നം. 140/2014/തസ്വഭവ തീയതി. 02/08/2014.

**<u>ഉത്തരവ്</u>**

സംസ്ഥാനത്തെ ഗ്രാമപഞ്ചായത്തുകളിലും നഗരസഭകളിലും പതിനൊന്നിന പരിപാടിയുടെ ഭാഗമായി ഓണറേറിയം വ്യവസ്ഥയിൽ 31.12.2000 തീയതിക്കോ അതിനു മൻപോ നിയമിക്കപ്പെട്ടവരും തുടർച്ചയായി ജോലി ചെയ്തിരുന്നവരുമായ ലൈബ്രേറിയൻമാർ, ആയമാർ, നഴ്സറി ടീച്ചർമാർ എന്നിവരെ പരാമർശം (1), (2) എന്നീ ഉത്തരവുകൾ പ്രകാരം പാർട്ട് ടൈം കണ്ടിജന്റ് ജീവനക്കാരായി 03/05/2010 പ്രാബല്യത്തിൽ സ്ഥിരപ്പെടുത്തിയിരുന്നു. സംസ്ഥാന സർവ്വീസിലെ സമാന പാർട്ട്ടൈം തസ്തികകളിൽ ജോലി ചെയ്തുവരുന്നവർക്ക് ഫുൾടൈം തസ്തികകളിലേക്ക് പ്രൊമോഷൻ നൽകപ്പെടുന്നതുപോലെ ലൈബ്രേറിയന്മാർക്കും, ടീച്ചർമാർക്കും, ആയമാർക്കും പ്രൊമോഷൻ നൽകുന്നത് സംബന്ധിച്ച് മേൽ പരാമർശിച്ചിട്ടുള്ള ഉത്തരവുകളിൽ പ്രത്യേകമായ നിർദ്ദേശങ്ങൾ നൽകിയിരുന്നില്ല. പ്രസ്തുത സാഹചര്യത്തിൽ പാർട്ട്ടൈം തസ്തികയിൽ സ്ഥിരപ്പെടുത്തപ്പെട്ടവർ അവർക്ക് പ്രൊമോഷൻ അനുവദിക്കണമെന്നും ടിയാൾക്കാരുടെ ഓണറേറിയം സർവീസ് കൂടി മിനിമം പെൻഷനും മറ്റ് ആനുകൂല്യങ്ങൾക്കും പരിഗണിക്കണമെന്നും ആവശ്യപ്പെട്ട് സർക്കാരിൽ നിവേദനങ്ങൾ സമർപ്പിക്കുകയുണ്ടായി.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പതിനൊന്നിന പരിപാടിയുടെ ഭാഗമായി സംസ്ഥാനത്തെ ഗ്രാമപഞ്ചായത്തുകളിലും നഗരസഭകളിലും ഓണറേറിയം വ്യവസ്ഥയിൽ നിയമിക്കുകയും പിന്നീട് പരാമർശം (1), (2) എന്നീ ഉത്തരവുകൾ പ്രകാരം പാർട്ട് ടൈം കണ്ടിജന്റ് ജീവനക്കാരായി സ്ഥിരപ്പെടുത്തപ്പെട്ടവരുമായ ലൈബ്രേറിയന്മാർ, ആയമാർ, നഴ്സറി ടീച്ചർമാർ എന്നിവർക്ക് പ്രൊമോഷനും മിനിമം പെൻഷനും അനുവദിക്കുന്നതിന് താഴെപ്പറയും പ്രകാരം ഉത്തരവ് പുറപ്പെടുവിക്കുന്നു.

1. പാർട്ട് ടൈം കണ്ടിജന്റ് ജീവനക്കാരായി സ്ഥിരപ്പെടുത്തപ്പെട്ട ലൈബ്രേറിയന്മാർ. ആയമാർ. നഴ്സറി ടീച്ചർമാർ എന്നിവരുടെ 35% തസ്തികകൾ ഫുൾടൈം കണ്ടിജന്റ് തസ്തികകളായി ഉയർത്തി അവരുടെ നിലവിലുള്ള സ്ഥാപനങ്ങളിൽ തന്നെ തുടരാൻ അനുവദിക്കുന്നു.

2. ഇത് മൂലമുണ്ടാകുന്ന അധിക സാമ്പത്തിക ബാധ്യത അതാത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ തനത് ഫണ്ടിൽ നിന്നും വഹിക്കേണ്ടതാണ്.

3. പതിനൊന്നിന പരിപാടിയുടെ ഭാഗമായി ഓണറേറിയം വ്യവസ്ഥയിൽ നിയമിക്കുകയും പിന്നീട് പാർട്ട്ടൈം കണ്ടിജന്റ് ജീവനക്കാരായി സ്ഥിരപ്പെടുത്തപ്പെട്ടവർക്ക് മിനിമം പെൻഷൻ ലഭ്യമാകുന്നു എന്ന് ഉറപ്പ് വരുത്തുന്നതിനായി അവർ ഓണറേറിയം വ്യവസ്ഥയിൽ ജോലി ചെയ്തിരുന്ന കാലഘട്ടം, നിലവിൽ കണ്ടിജന്റ് വിഭാഗത്തിൽപ്പെടുന്നവർക്ക് പെൻഷൻ നൽകുന്നതിന് കണക്കാക്കുന്ന മാനദണ്ഡപ്രകാരം, രണ്ട് വർഷത്തെ സർവ്വീസിന് ഒരു വർഷം എന്ന നിലയിൽ കണക്കാക്കി പെൻഷന് പരിഗണിച്ച് കൊണ്ട് ഉത്തരവാകുന്നു.

നിലവിൽ സാംസ്കാരിക നിലയങ്ങളിലും, നഴ്സറി സ്കൂളുകളിലും ജോലി ചെയ്തുവരുന്നവർ സേവനത്തിൽ നിന്നും വിരമിക്കുന്ന സാഹചര്യത്തിൽ പുതിയതായി നിശ്ചയിക്കപ്പെടുന്നവരുടെ നിയമന യോഗ്യത സംബന്ധിച്ച് പിന്നീട് നിർദ്ദേശം പുറപ്പെടുവിക്കുന്നതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**എ. അജിത് കുമാർ**

സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്) കേരള, തിരുവനന്തപുരം.
ഡയറക്ടർ, സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം.
പൊതുഭരണ(എസ്.സി) വകുപ്പ്
ധനകാര്യ വകുപ്പ്(നം. DEV-1/11/2016-FIN. തീയതി 24.02.2018 പ്രകാരം).
ഡയറക്ടർ, ഐ.കെ.എം (തദ്ദേശസ്വയംഭരണ വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിന്)
ഐ&പിആർഡി -വെബ് & ന്യൂ മീഡിയ(സർക്കാരിന്റെ വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിന്)
ഓഫീസ് പകർപ്പ് (ഫയൽ നം. LSGD-EPA2/467/2015-LSGD)/ കരുതൽ ഫയൽ.

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ